ഗവൺമെന്റ് സ്കൂളുകളിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ

161 (2881) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിലെ ലൈബ്രറികളുടെ ഉപയോഗം വിപുലപ്പെടുത്തുന്നതിനും കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്കൂളുകളിലെ ലൈബ്രറികൾക്ക് പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റാവശ്യങ്ങൾക്കുമായി എന്ത് തുക ചെലവാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) ജനകീയ പങ്കാളിത്തത്തോടെ സർക്കാർ സ്കൂളുകളിലെ ലൈബ്രറികൾ വിപുലപ്പെടുത്തുന്നതിനും കലാകായിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ഹൈസ്കൂളുകളിലെ ലൈബ്രറികൾക്ക് പുസ്തകം വാങ്ങുന്നതിന് വർഷംതോറും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗിച്ച് പുസ്തകം വാങ്ങി സ്കൂളുകൾക്ക് വിതരണം ചെയ്യുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും കീഴിൽ വരുന്ന രണ്ട് സ്കൂളുകളെ വീതം തെരഞ്ഞെടുത്ത് തെരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾ വിതരണക്കാർ വഴി എത്തിച്ചിട്ടുണ്ട്. യൂണിസെഫിൽ നിന്നും ലഭിച്ച സഹായ തുകയിൽ നിന്നും 4,80,170 രൂപ (നാല് ലക്ഷത്തി എൺപതിനായിരത്തി ഒരുനൂറ്റി എഴുപത്)-യ്ക്കുള്ള പുസ്തകങ്ങളും നൽകിയിട്ടുണ്ട്. 161 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ യു.പി. സ്കൂളിലും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു വരുന്നു.

(ബി) 1996-1997 മുതൽ 2002-03 വരെയുള്ള ബൾക്ക് പർച്ചേസ് പദ്ധതി പ്രകാരം ലൈബ്രറി പുസ്തകം വാങ്ങിയ്ത്തിന് 45,88,666 രൂപ (നാല്പത്തി അഞ്ച് ലക്ഷത്തി എൺപത്തി എട്ടായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ) ചെലവാക്കിയിട്ടുണ്ട്. കേന്ദ്ര ഫണ്ട്, യൂണിസെഫ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച 15,35,042 രൂപയും ചെലവാക്കിയിട്ടുണ്ട്. 1996-97-ന് മുൻപുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly